# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3247 19-06-2018 ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി 2018-19 വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ; | (എ) | 2018-19 വർഷം സംസ്ഥാന ബജറ്റിൽ 10575 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | 2017-18 വർഷം സംസ്ഥാന സർക്കാർ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി നീക്കിവെച്ച തുക, അതിൽ ചെലവാക്കിയ തുക എന്നിവ എത്രയെന്ന് അറിയിക്കാമോ; | (ബി) | 2017-18 വർഷം സംസ്ഥാന സർക്കാർ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കായി 9900 ലക്ഷം രൂപ നീക്കിവെയ്ക്കുകയും അതിൽ 8236.02 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | 2017-18 വർഷം ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി കേന്ദ്ര ഫണ്ടായി എത്ര രൂപ ലഭിച്ചുവെന്നും അതിൽ എത്ര ചെലവാക്കിയെന്നും വെളിപ്പെടുത്തുമോ; | (സി) | 2017-18 വർഷം ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി കേന്ദ്ര ഫണ്ടായി 546.64 ലക്ഷം രൂപ ലഭിക്കുകയും ആയതു പദ്ധതി നിർവ്വഹണത്തിനായി എല്ലാ ജില്ലകൾക്കും നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | 2018-19 വർഷം ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ഡി) | വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾക്കു പുറമേ 2018-19 സാമ്പത്തികവർഷം നഴ്സിങ് / പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി., സർക്കാർ / എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി, ന്യൂനപക്ഷ യുവജനതയ്ക്കായുള്ള വിവാഹപൂർവ്വ കൗൺസിലിങ് പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ന്യൂനപക്ഷ വിഭാഗങ്ങളുടെ സമഗ്രവികസനത്തിനായി മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്ക് വാഴയൂർ വില്ലേജിൽ സഫി ക്യാമ്പസിൽ മൈനോറിറ്റി സ്റ്റഡി സെന്റർ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ